# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വെട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.റ്റി.വി.എം.ജി.പി7/986/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി7/986/2022 തീയ്യതി: 29/06/2022

## തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 05-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-06-2022 | 15-06-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-06-2022 | 15-06-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആതിര.സി, ഓഡിറ്റർ
ശ്രീ.സെബിൻസെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.എ.അസിം ഹുസൈൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണസമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി ഷീജ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഷാനികുമാർ.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാനികുമാർ.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.വേണുഗോപാൽ.കെ.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.വിഷ്ണു എസ് രാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഇന്ദു.എസ്.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-07-2020 |
| ശ്രീ.വിനോദ്.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-07-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ദീപാരാജ്.എം.എൽ | കൃഷി ഓഫീസർ | 01-04-2020 | 13-09-2020 |
| ശ്രീമതി.സബിത.എസ്.കെ | കൃഷി ഓഫീസർ | 14-09-2020 | 31-03-2021 |
| ശ്രീ.അഭിലാഷ്.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അൻസീറ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഷീല.കെ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.അഖിൽ ഹരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 17-04-2020 |
| ശ്രീമതി.ലക്ഷ്മി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-04-2020 | 04-05-2020 |
| ശ്രീ.അഫ്സൽ.വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-05-2020 | 16-08-2020 |
| ശ്രീ.വിഷ്ണുരാജ്.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-08-2020 | 08-10-2020 |
| ശ്രീമതി.നിത്യകുറുപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 09-10-2020 | 31-03-2021 |
| ഡോ.സക്കറിയ സെബാസ്റ്റ്യൻ | വെറ്റിനറി സർജൻ | 01-04-2020 | 06-08-2020 |
| ഡോ.ബിനിരാജ് | വെറ്റിനറി സർജൻ | 07-08-2020 | 31-03-2021 |
| ഡോ.ഷാഹിം.എം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ആനന്ദ്.കെ.ജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം. | 1-3-1 |
| 4 | 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും. | 1-3-2 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിരിക്കുന്നു. | 1-5-1 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി-നടപടിക്രമങ്ങൾ പൂർത്തായാക്കി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം. | 1-5-2 |
| 9 | ക്ഷേമപദ്ധതികൾ | 1-5 |
| 10 | ക്യാഷ് ബാലൻസ് | 1-6 |
| 11 | ആസ്തി പരിപാലനം കാര്യക്ഷമമാക്കണം | 1-7-1 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 13 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 15 | ഗ്രാമസഭ | 1-10 |
| 16 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 17 | വസ്തുനികുതി - അപാകതകൾ | 1-12 |
| 18 | ഗ്രാമപഞ്ചായത്തിലെ അംഗനവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തണം | 1-13 |
| 19 | ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കണം | 1-14 |
| 20 | ആർദ്രം പദ്ധതി-അപാകതകൾ | 1-15 |
| 21 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-16 |
| 22 | ലൈബ്രറി - പ്രവർത്തനം കാര്യക്ഷമമല്ല | 1-17 |
| 23 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 24 | ദുരിതാശ്വാസ നിധി - ധന സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ല | 1-19 |
| 25 | മഴക്കാല പൂർവ ശുചീകരണം-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 26 | സുഭിക്ഷ കേരളം – വിവിധ പദ്ധതികൾ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല | 1-21 |
| 27 | വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകളിലെ അപാകതകൾ | 1-22 |
| 28 | തെരുവുനായകളുടെ പ്രജനന നിയന്ത്രണം-പദ്ധതി കാര്യക്ഷമമല്ല. | 1-23 |
| 29 | ആയുർവേദ ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 30 | അംഗനവാടി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടണം | 1-25 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗവിവരം ലഭ്യമല്ല | 1-26 |
| 32 | ഇ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-27 |
| 33 | ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവ് | 1-28 |
| 34 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ | 1-29 |
| 35 | കമ്പ്യൂട്ടർ എ എം സി പുതുക്കൽ -കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല | 1-30 |
| 36 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-31 |
| 37 | ഡിപ്പോസിറ്റ് പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടാതെ തുക നൽകി | 1-32 |
| 38 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ – വാറണ്ടി/ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല. | 1-33 |
| 39 | ഭൂജലവകുപ്പിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | 1-34 |
| | **ഭാഗം 2** | |
| 1 | ഇല്ല | 2-1 |
| | **ഭാഗം 3** | |
| 1 | ഇല്ല | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.20-ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 10,10,800/- രൂപയും, പ്രതീക്ഷിത വരുമാനം 193614180/-രൂപയും ചേർത്ത് ആകെ വരവ് 194624980/-രൂപയും ആകെ ചെലവ് 193429180/-രൂപയും നീക്കിബാക്കി 11,95,800/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 14.02.2021-ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 207390939/- രൂപയും ചെലവ് 207091111/-രൂപയും 299828/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസംതോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ്.[ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തി വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച വിലയിരുത്തൽ മാസംതോറും നിരീക്ഷിക്കുന്നത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5), പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക നിയന്ത്രണത്തിന്റെ നെടുംതൂണുകളിൽ ഒന്നായ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 23.7.2021 |

**വാർഷിക ധനകാര്യ പത്രിക – അപാകതകൾ.**

**1.** അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2.** ഗ്രാമപഞ്ചായത്തിലെ Fixed Asset- കളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**3.** 2020-21 ബാലൻസ്ഷീറ്റിൽ B7 ഷെഡ്യൂളിൽ 447483/- രൂപ ഡെപ്പോസിറ്റ് തിരികെ നല്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.

**4.** 2019-20 ബാലൻസ്ഷീറ്റ് പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 565194/- രൂപ അവശേഷിക്കുന്നു. തൻവർഷം 324251/-രൂപ ഡെപ്പോസിറ്റ് ഇനത്തിൽ വരവ് വന്നിട്ടുണ്ട്. 119633/-രൂപ ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ തുക തിരികെ നല്കിയിട്ടുണ്ട്. അപ്രകാരം കണക്കാക്കുമ്പോൾ ബാലൻസ് 769812/-രൂപയാണ് വരേണ്ടത്. എന്നാൽ 20-21 ബാലൻസ്ഷീറ്റിൽ 447483/- രൂപയാണ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്.

**5.**Advance To Implimenting Officers 460500501 ഹെഡിൽ 410000/-രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

**6.** 31.3.21-ൽ അവശേഷിക്കുന്ന സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി കാണുന്നില്ല.

മേൽ ചേർത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14, 09.06.22) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

**1.** വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണ്.

**2.** Depreciation രേഖപ്പെടുത്തുമ്പോൾ പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആകുമെന്നതിനാലാണ് Depreciation കണക്കാക്കാതിരുന്നത്.

**3.** കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്.

**4.** അക്കൗണ്ട്സിൽ തുക രേഖപ്പെടുത്തിയതിൽ സംഭവിച്ച അപാകതയാണ്.

**5.**തുക ക്രമീകരിക്കുന്നതാണ്.

**6.** വരും വർഷങ്ങളിൽ അവശേഷിക്കുന്ന സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതാണ്.

മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം.

| വിഭാഗം | | പൊതു വിഭാഗം ജനറൽ | ചെലവ് ശത മാനം | എസ് സി പി | ചെലവ് ശത മാനം | ധന കാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശത മാനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതു വിഭാഗം-ഉല്പാദനം | അടങ്കൽ | 3071350 | | 0 | | 30000 | | 0 | | 329000 | |
| | ചെലവ് | 2436395 | 79.32 | 0 | 0 | 0 | 0 | 0 | 0 | 227871 | 69.26 |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 11509122 | | 0 | | 3303100 | | 0 | | 3328320 | |
| | ചെലവ് | 9414494 | 81.8 | 0 | 0 | 642573 | 19.45 | 0 | | 3214462 | 96.57 |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 1338726 | | 0 | | 6416473 | | 6369000 | | 100000 | |
| | ചെലവ് | 1162683 | 86.84 | 0 | 0 | 4408951 | 68.71 | 3512688 | 55.15 | 0 | 0 |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 177975 | | 0 | | 0 | | 0 | |
| | ചെലവ് | 0 | | 134475 | 75.5 | 0 | 0 | 0 | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 4385304 | | 0 | | 0 | | | |
| | ചെലവ് | 0 | | 3195936 | 72.87 | 0 | 0 | 0 | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 0 | | 1616626 | | | | 0 | | 0 | |
| | ചെലവ് | 0 | | 291420 | 18.02 | 0 | 0 | 0 | 0 | 0 | |

പൊതുവിഭാഗം സേവന മേഖലയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് 19.45% ഉം പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് 55.15% ഉം പട്ടികജാതി വിഭാഗം പശ്ചാത്തല മേഖലയിൽ വികസനഫണ്ട് Scp 18.02% വീതവുമാണ് ചെലവ് നടന്നിട്ടുള്ളത്. ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-2 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.

| ക്രമ നം | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പഞ്ചായത്ത് വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാ വിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 10656000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുക | 8524800 | 15919198 | 13013572 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% ഉൾപ്പെടെയുള്ള ചെലവ്) | 81.74% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 10656000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുകയുടെ 10% | 2557440 | 3071350 | 2436395 | 79.32% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 14076000 ന്റെ 15% | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ് സി പി തുകകളുടെ 20% (15566000x20%) | 3113200 | 6355514 | 5144460 | 80.94 |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (10656000x 20%) | 2131200 | 3097710 | 2970610 | **95.89** |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 10% (20754000x 10%) | 1343480 | 1345625 | 1202925 | 89.39 |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ്.സി പി തുകയുടേയും 5% (10656000x 5%) | 671740 | 1217740 | 690466 | 56.7 |
| 8. | വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ്.സി പി തുകയുടേയും 5% (10656000x 5%) | 671740 | 972552 | 895529 | 92.08 |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം- പശ്ചാത്തലം | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുക 8524800ന്റെ 30% | 2557440 (വകയിരുത്താവുന്ന കൂടിയ തുക) | 1338726 | 1162683 | 86.84 |
| 10 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (4910000x30%) | 1473000 (വകയിരുത്താവുന്ന കൂടിയ തുക) | 1616626 | 291420 | 18.02 |
| 11 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

**അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.**

| ക്രമ നം | പദ്ധതി | ഫണ്ട്-വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കണവാടി പോഷകാഹാര വിതരണം | 1750000 | 1430659 | 81.75% |
| 2 | എസ് എസ് എ | 200000 | 200000 | 100% |
| 3 | പാലിയേറ്റീവ് കെയർ | 546200 | 519177 | 95.05% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 544000 | 538950 | 99.07% |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 0 | 0 | 0 |
| 6. | ആശ്രയ പ്രോജക്ട് | 1073400 | 353400 | 32.92% |
| 7 | ഐ കെ എം വിഹിതം | 68368 | 68368 | 100% |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബഡ്ജറ്റ് പ്രകാരമുള്ള തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | മുന്നിരിപ്പ് ഉൾപ്പെടെ ആകെ | ചെലവ് | Source Deduction, 19- 20 Queue Bill | 20-21 വർഷത്തെ Queue Bill | നീക്കിയിരിപ്പ്, ചെലവ് |
|---|---|---|---|---|---|---|---|---|---|

| | | | പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക | വരവ് | വരവ് | | ഉൾപ്പെടെ ആകെ ചെലവ് | | ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 10656000 | 11171912 | 11171062 | 11171062 | 11171062 | 13013572 | 767729 | * (-)1841660 (116.48%) |
| വികസന ഫണ്ട് SCP | 0 | 4910000 | 4602196 | 3314027 | 3314027 | 3314027 | 3621831 | 308970 | 980365 (73.76%) |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 3492000 | 3456680 | 3407013 | 3407013 | 3407013 | 3442333 | - | 14347 (66.33%) |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 5189000 | 5189000 | 3512688 | 3512688 | 3512688 | 3512688 | 61216 | 1676312 (100.59%) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ റ്റൈഡ് ഗ്രാന്റ് | 0 | 4670000 | 4670000 | 411714 | 411714 | 411714 | 411714 | - | 4258286 (8.81%) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺറ്റൈഡ് ഗ്രാന്റ് | 0 | 4670000 | 9570862 | 4639810 | 4639810 | 4639810 | 4639810 | 2176946 | 4931052 (99.35%) |
| CSS | - | - | | | | | 2041914 | - | -2041914 |
| SSS | | | | | | | 1800000 | - | -1800000 |

*വികസന ഫണ്ട് നീക്കിയിരിപ്പ് മൈനസ് ആയത് വിശദീകരിച്ചിട്ടില്ല.

സംസ്ഥാനാവിഷ്കൃത ഫണ്ടുകൾക്കും കേന്ദ്രാവിഷ്കൃത ഫണ്ടുകൾക്കും വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പുകൾ കാണുന്നു. വിശദാംശം ചുവടെ.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| SSS | 2320033 | 4979291 | 7299324 | 4609970 | 2689354 |
| CSS | 2032015 | 1522463 | 3554478 | 1457591 | 2096887 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ SSS, CSS ഫണ്ടുകളിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പുകളും വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പുകൾ തമ്മിലും വ്യത്യാസം കാണുന്നു.

## 1-4 പദ്ധതി അവലോകനം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 10 | 9 | 1 | 90 | 1122070 | 771162 | 68.7 |
| Ii | വെറ്ററിനറി സർജൻ | 8 | 8 | 0 | 100 | 2550900 | 2123365 | 83.3 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 7 | 7 | 0 | 100 | 2146080 | 2044057 | 95.2 |
| Iv | മെഡിക്കൽ ഓഫീസർ - | 6 | 6 | 0 | 100 | 1433500 | 1433392 | 99.9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആയുർവേദം | | | | | | | |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 11 | 1 | 91.6 | 22368302 | 14586048 | 65.2 |
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 4 | 4 | 50 | 3088000 | 2330184 | 75.5 |
| Vii | സെക്രട്ടറി | 36 | 28 | 8 | 77.77 | 8721508 | 6480555 | 74.3 |
| Viii | എച്ച്.എം. | 4 | 1 | 3 | 25 | 330740 | 99993 | 30.2 |
| Ix | അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 46 | 29 | 61.3 | 21077781 | 10604195 | 50.3 |
| X | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 | 600000 | 556480 | 92.7 |
| Xi | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 2 | 60 | 1121352 | 913445 | 81.45 |
| Xii | ഫിഷറീസ് | 8 | 7 | 1 | 87.5 | 2060000 | 945674 | 87.5 |
| | **ആകെ** | **181** | **131** | **49** | | **66620233** | **42888550** | **64.37** |

**1)** ആകെ വകയിരുത്തിയതിന്റെ 64 ശതമാനം മാത്രം ചെലവഴിച്ചു.

**2)** എച്ച്.എം.ന്റെ നിർവ്വഹണത്തിൽ നാല് പ്രോജക്ടുകൾ നടപ്പാക്കാനായി ആകെ വകയിരുത്തിയത് 330740/- രൂപയാണ്. അതിൽ 99993/- രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവ് 30.2 ശതമാനം മാത്രമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 75 പ്രോജക്ടുകളിൽ 46 എണ്ണം നടപ്പാക്കുകയും അകെ വകയിരുത്തിയ ഫണ്ടിന്റെ 50.3 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

## 1-5-1 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിരിക്കുന്നു.

വെട്ടൂർ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പിപിഒ നം | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കമലാദേവി | 4215 | 10230201572 | 64500 | തുക തിരികെ ഈടാക്കി |
| 2 | പ്രശോഭന | 22159/SF | 102310600927 | 23900 | തുക തിരികെ ഈടാക്കി |
| 3 | സുഹുദബീവി | 10041301 | 102310201985 | 30600 | മരണപ്പെട്ടു |
| 4 | ഷൈലജ.പി | TVM5530 | 102310600802 | 48800 | തുക തിരികെ ഈടാക്കി |
| 5 | പ്രസന്നകുമാരി.കെ | 111180381 | 102310600855 | 36300 | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 6 | തങ്കമ്മ | 11987401 | 102310202149 | 12000 | മരണപ്പെട്ടു |
| 7 | താമരാക്ഷി | 11171401 | 102310202157 | 23400 | തുക തിരികെ |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കുന്നതിന് കത്തു നൽകി. |

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്ന മേൽ ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നവര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാ അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 6 തീയതി 08.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ അനർഹമായി കൈപ്പറ്റ തുക തിരികെ ഈടാക്കുന്നതിന് രണ്ടുപേർ മാത്രമേ ബാക്കിയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ട്രഷറിയുമായി ബന്ധപ്പെട്ട് ര തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി-നടപടിക്രമങ്ങൾ പൂർത്തായാക്കി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം.

പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019-ലെ PAN/2021/2019-DBT1(DP) സർക്കുലർ പ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ അന്വേഷണത്തിനു നൽകുന്ന അപേക്ഷകൾ അന്വേഷണത്തിനു ശേഷം തിരികെ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. അപേക്ഷകർക്ക് സമയബന്ധിതമായി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതായി ബോദ്ധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | ഇനം | അപേക്ഷ നം./ സ്വീകരിച്ച തീയതി | പഞ്ചായത്ത് കമ്മറ്റിയിൽ വെച്ച തീയതി | അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് എടുത്ത ദിവസം |
|---|---|---|---|---|
| 88 | OAP | A.5 2088/29.05.2021 | 12.10.2021 | 4 മാസം 12 ദിവസം |
| 219 | OAP | A.5 4386/ 27.10.20 | 19.01.2021 | 2 മാസം 23 ദിവസം |
| 44 | WP | A5.29/4.1.2021 | 10.5.21 | 4 മാസം 7 ദിവസം |
| 51 | WP | A5.1489/8.3.21 | 21.6.21 | 3 മാസം 14 ദിവസം |
| 37 | IGNDP | A5.2694/30.6.2021 | 20.9.2021 | 3 മാസം 20 ദിവസം |
| 38 | IGNDP | A5.2882/14.7.21 | 20.9.2021 | 2 മാസം 7 ദിവസം |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നമ്പർ12തീയതി 09.06.22)കോവിഡ് കാരണമാണ് കാലതാമസം ഉണ്ടായതെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷകൾ കൃത്യമായി സമയബന്ധിതമായി പരിശോധനയ്ക്ക് വിധേയമാക്കി അർഹതയുള്ളവർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 76560 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 582600 | 39 |
| വിധവ പെൻഷൻ | 14329700 | 976 |
| വാർദ്ധക്യകാലപെൻഷൻ | 25174600 | 1913 |
| വികലാംഗപെൻഷൻ | 4645500 | 318 |
| വിവാഹ ധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 265400 | 19 |

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2022 തീയതിയിൽ 10.30AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,129/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7-1 ആസ്തി പരിപാലനം കാര്യക്ഷമമാക്കണം

I) ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനായുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി (AMMC) രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

II) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

III) പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1.പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്കു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.
2.ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

3.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

4.പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല. ആസ്തി പരിപാലനവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19 തീയതി 9.6.22നു ലഭ്യമാക്കിയ മറുപടിയിൽ ആർ ട്രാക് പദ്ധതി പൂർത്തിയാകുന്നതോടുകൂടി ആസ്തി രജിസ്റ്റർ കാലികമാകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-7 ആഭ്യന്തരനിയന്ത്രണം

1) ഗ്രാമപഞ്ചായത്തിൽ മികച്ച അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പ്രവർത്തിച്ചുവരുന്നു.

2) പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

3) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

4) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

5) വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.

1) പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

2) ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

4) ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല.

*5)* സ്വന്തം ആസ്തികളിൽത്തന്നെയോണോ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

**6)** 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച പൗരാവകാശ രേഖ പുതുക്കിയിട്ടില്ല. പൗരാവകാശ രേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

7) സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2020-2021 സാമ്പത്തിക വർഷത്തെ MGNREGS പദ്ധതിയുടെ സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | B17 Schedule പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 187894 | 907135 | 1095029 | 874932 | 220097 | 263097 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24992517 | 24992517 | 24992517 | 0 | 0 |
| ആകെ | 187894 | 25899652 | 26087546 | 25867449 | 220097 | 263097 |

യഥാർത്ഥ നീക്കിയിരിപ്പും AFS പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2020-2021 സാമ്പത്തികവർഷത്തെ NREGS –ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.01/ 07.06.2022-നു ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-92<br>അംഗങ്ങൾ- 94 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1343<br>തൊഴിലാളികൾ-1381 |
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1343<br>തൊഴിലാളികൾ-1381 |
| 100 ദിവസത്തേയ്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ബാധകമല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 5 |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ബാധകമല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1381 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 164 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 164 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 164 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ | 14 |

| | |
|---|---|
| ഗ്രാമസഭകളുടെ എണ്ണം | |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 693 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 208 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 134 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 59.81 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 80319 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംമ്പോണന്റ് | 23651020 |
| മെറ്റീരിയൽ കംമ്പോണന്റ് | 1341894 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 217 |
| 80-99 | 179 |
| 70-79 | 155 |
| 60-69 | 141 |
| 50-59 | 146 |
| 50 ൽ താഴെ | 543 |

മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-അപാകതകൾ

A) മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. വ്യക്തിഗത ആസ്തികളായ ആട്ടിൻകൂട്, കാലിതൊഴുത്ത്, കോഴിക്കൂട് എന്നിവ വിവിധ ഗുണഭോക്താക്കൾക്കായി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിഗത ആസ്തികൾ മൃഗങ്ങളുടെ പരിപാലനത്തിനായി തന്നെ ഉപയോഗിക്കും എന്ന് ഓരോ ഗുണഭോക്താവും സെക്രട്ടറിയുമായി ചമച്ച കരാർ ഫയലിൽ ഇല്ല.

2. തൊഴിലുറപ്പ് പദ്ധതി നിയമം 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടിക്രമങ്ങൾ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണമെന്നുണ്ട്. എന്നാൽ തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, വ്യക്തിഗത കിണർ നിർമ്മാണം മുതലായ പ്രവൃത്തികൾ ഗ്രാമസഭയിൽവച്ച് അംഗീകാരം വാങ്ങിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.

3. മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

5. വ്യക്തിഗത നിർമ്മാണ പ്രവൃത്തനങ്ങളുടെ ഫയലിൽ സൈറ്റ് ഡയറി സൂക്ഷിക്കുന്നില്ല. ആക്ഷൻ പ്ലാൻ എന്നിവ ഹാജരാക്കിയിട്ടില്ല.

6. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

7. ഗ്രാമസഭയുടെ നേതൃത്വത്തിൽ 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ സോഷ്യൽ ഓഡിറ്റ് ഫയൽ ബന്ധപ്പെട്ട ഫയലിൽ ചേർത്തതായി കാണുന്നില്ല.

8. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല.

9. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

10. പദ്ധതികളുടെ പ്രരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

B) പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2020-21 വർഷം നടത്തിയ വിവിധ പ്രവൃത്തികളുടെ ലിസ്റ്റ് പ്രകാരം താഴെ പറയുന്ന വർക്കുകൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ട്.

| വർക്ക് കോഡ് | പ്രവൃത്തി |
|---|---|
| 338073 | മങ്ങാട്ട് മണികണ്ഠൻ ചിറ നവീകരണവും കയർ ഭൂവസ്ത്ര വിതാനവും |
| 337721 | വെട്ടൂർ എലാത്തോട് നവീകരണവും കയർ ഭൂവസ്ത്ര വിതാനവും-2 |
| 333352 | വെട്ടൂർ എലാത്തോട് നവീകരണവും കയർ ഭൂവസ്ത്ര വിതാനവും-1 |
| 338075 | മണ്ണാന്റമൂല കുളം നവീകരണവും കയർ ഭൂവസ്ത്ര വിതാനവും-5 |
| 464621 | ഉടയാൻകുഴി നീർച്ചാലുകൾ പുനരുദ്ധാരണവും കയർ ഭൂവസ്ത്ര വിതാനവും നവീകരണവും-11 |

എന്നാൽ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ രണ്ട് ഫാം പോണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 600 ച.മീ കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ട് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രണ്ട് പ്രവൃത്തികൾക്ക് എത്ര കയർ ഭൂവസ്ത്രം പൂർണമായും ഉപയോഗിച്ചു, എത്ര കയർ ഭൂവസ്ത്രം ബാക്കിയുണ്ട് തുടങ്ങിയ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. കൂടാതെ 2019-20 വർഷം പ്രവൃത്തികൾക്ക് വാങ്ങിയതിൽ എത്ര കയർ ഭൂവസ്ത്രം അവശേഷിക്കുന്നുണ്ട് എന്ന വിവരവും സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. പട്ടിക പ്രകാരമുള്ള പ്രവൃത്തികൾക്ക് വാങ്ങിയ കയർ ഭൂവസ്ത്രം സ്റ്റോക്കിൽ എടുത്തിട്ടുമില്ല. 2020-21 വർഷം കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ എണ്ണം, പർച്ചേസ് ചെയ്ത കയർ ഭൂവസ്ത്രത്തിന്റെ വിസ്തീർണം, കയർ ഭൂവസ്ത്രത്തിന്റെ എല്ലാ പർച്ചേസ് ബില്ലുകളുടെയും പകർപ്പുകൾ എന്നിവയും അപാകതയ്ക്ക് വിശദീകരണവും ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.37/15.06.2022ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.03.2022 | 01/2021 മുതൽ 07/2021 വരെ | 02.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |

## 1-10 ഗ്രാമസഭ

വെട്ടൂർ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും 2020-21വർഷം കൃത്യമായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടില്ല. കോവിഡ് കാരണം ഗ്രാമസഭകൾ യഥാസമയം ചേരുന്നതിന് സാധിച്ചിട്ടില്ല. 2020-21വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, വിവിധ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, 2021-22 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ആക്ഷൻ പ്ളാൻ അംഗീകരിക്കൽ, ദുരന്തനിവാരണ പദ്ധതി, 2021-22 വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ.

അധികാരവികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണനിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നൽകാമെന്നിരിക്കേ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും ഗുണഭോക്തൃ തിരഞ്ഞെടുപ്പിലും മാത്രമായി ഗ്രാമസഭാപ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പദ്ധതി നിർവ്വഹണഘട്ടത്തിലും പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ പരശോധിക്കപ്പെടേണ്ടതും സ്വതന്ത്രവും നിഷ്പക്ഷവുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്.

ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല. ഗ്രാമസഭകളിലേയ്ക്ക് ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഗ്രാമസഭകളുടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ |
|---|

| |
|---|
| 1982/95 |
| 1982/96 |
| 1996/21 |
| 1996/47 |
| 1996/48 |
| 1987/69 |
| 1987/81 |
| 1989/04 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/08.06.2022നു ലഭിച്ച മറുപടി പ്രകാരം ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പടുത്തി സൂക്ഷിക്കുന്നതാണെന്നും, മേലിൽ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ ഉപയോഗിക്കുമ്പോൾ അപാകതകൾ കൂടാതെ ഉപയോഗിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-12 വസ്തുനികുതി - അപാകതകൾ

വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഏതാനും വാർഡുകളുടെ നികുതി നിർണ്ണയ വിവരങ്ങളും അനുബന്ധ വസ്തുതകളും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ $60m^2$ ൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | വാർഡ്/കെട്ടിട.നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമയുടെ പേര് |
|---|---|---|---|
| 1 | 1/351 A | $90M^2$ | സുനിത |
| 2 | 1/431 | $75M^2$ | അനീസ |
| 3 | 3/81 | $72\ M^2$ | അജയകുമാരി |
| 4 | 7/100 | $70\ M^2$ | നടരാജൻ കുന്നുവിള |
| 5 | 7/101 | $65\ M^2$ | ചന്ദ്രിക കുന്നുവിള |
| 6 | 9/20 | $100M^2$ | സരള .ജി |
| 7 | 9/87 | $115\ M^2$ | സത്യവതി |
| 8 | 9/194 | $82\ M^2$ | ശ്രീലത |
| 9 | 9/209 | $70.35\ M^2$ | സുലൈമാൻ |
| 10 | 11/307 | $110\ M^2$ | ശാരദ |
| 11 | 11/464 | $95\ M^2$ | ശശാങ്കൻ |

2.) ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമയുടെ പേര് |
|---|---|---|---|
| 1 | 13/ 330, 331 | 330 M2, $90\ M^2$ | രജീന, പുത്തൻവിള |

3)ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമയുടെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 9/319 | 157.62 $M^2$ | പി.ഗോപിനാഥൻ |
| 2 | 9/466 | 66.5 $M^2$ | പ്രഹ്ളാദൻ |
| 3 | 4/61 | 130 $M^2$ | രാമഭദ്രൻ |
| 4 | 4/190 | 71 $M^2$ | സുഗന്ധി |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 36, 14.6.22) അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കി. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്തിലെ അംഗനവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തണം

| നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 20 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 10 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 10 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 8 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 12 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 0 |
| 9 | വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് | 0 |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ | 0 |
| 14 | ഫാൻ ഇല്ലാത്തവ | 0 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 |

മേൽ പട്ടികയിൽ നിന്നും പഞ്ചായത്തിലെ 8 അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്ന് വ്യക്തമാകുന്നു. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കു ചുറ്റുമതിൽ, കൃത്യമായ വഴി സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 981319/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിലുള്ളത്. ഈ തുക സ.ഉ നം 39033/ഡി സി.2/2010 ത.സ്വ.ഭ.വ 3/9/10-ന് വിധേയമായി അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.33/13.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ കേന്ദ്രവിഹിതം ജനറൽ/എസ്.സി വിഭാഗം വിഹിതമാണ് മേൽ തുകയെന്നും അങ്കണവാടി പോഷകാഹാര വിതരണം നടത്തുന്നതിന് പ്ലാൻ ഫണ്ട് കുറവായതിനാൽ കേന്ദ്രവിഹിതം ജനറൽ വിഭാഗത്തിൽ കൂടുതൽ ആവശ്യമായതിനാലാണ് ഈ വിഹിതം മറ്റ് അവശ്യങ്ങൾക്ക് വിനിയോഗിക്കാതിരുന്നതെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. വരും വർഷങ്ങളിൽ പ്രോജക്റ്റ് വെച്ച് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്കായി പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കണം

രജിസ്റ്റർ പ്രകാരം ജാഗ്രതാ സമിതി 2020-21 വർഷം ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| ജാഗ്രതാസമിതി പ്രവർത്തനം (36/21) | വികസന ഫണ്ട് സാധാരണ | 0 |

| | |
|---|---|
| | വിഹിതം-5000/-<br>തനത് ഫണ്ട്-10000/- |

ജാഗ്രതാസമിതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്റ്റിന് തുക വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല. കൂടാതെ 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.33/13.06.2022 നുള്ള മറുപടിയിൽ മേൽ പ്രോജക്റ്റിൽ തുക വകയിരുത്തിയത് വക്കീൽ ഫീസ് നൽകുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമാണെന്നും കൊറോണ വ്യാപനവും ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലും ജാഗ്രതാ സമിതി യോഗം കൂടാൻ സാധിച്ചില്ല എന്നും വ്യക്തമാക്കിയിരിക്കുന്നു. തൻ വർഷം പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിൽ തുക ചെലവഴിക്കാനും സാധിച്ചില്ല. ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ്. കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിച്ചിട്ടില്ലെന്നും ഇനിയുള്ള വർഷം എല്ലാ അപാകതകളും പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 ആർദ്രം പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 81/21 |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി-വേതനം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| ഫണ്ട് | വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് |
| അടങ്കൽ | 480880/- |
| ചെലവ് തുക | 480880/- (180880/- രൂപ തനത് ഫണ്ട്)<br>3,00,000/- വികസന ഫണ്ട് (ജനറൽ) |
| ബിൽ നം. | 128/06.01.2021-43548/-<br>140/07.01.2021-52500/-<br>141/07.01.2021-100000/-<br>142/07.01.2021-45000/-<br>165/05.02.2021-58952/- |

വെട്ടൂർ പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് 2020-21 വർഷം മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 എന്നീ തസ്തികകളിൽ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.18/09.06.2022 പ്രകാരം ലഭ്യമാക്കിയ ആർദ്രം പ്രോജക്റ്റിനു വേണ്ടിയുള്ള നിയമനങ്ങളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) 08.10.2020ൽ പത്ര പരസ്യം നൽകിയതിൻ പ്രകാരം മെഡിക്കൽ ഓഫീസർ തസ്തികയിൽ 13.10.2020-ൽ അഭിമുഖ പരീക്ഷ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നത്. ഹാജർ രേഖകൾ പ്രകാരം മെഡിക്കൽ ഓഫീസർ-സി.എച്ച്.സി മണമ്പൂർ, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. വെട്ടൂർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരാണ് ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ. ഇന്റർവ്യൂവിൽ പങ്കെടുത്ത ഏക വ്യക്തിയായ ആദിൽ നാസർ ജബീസ മൻസിൽ എന്ന വ്യക്തിക്ക് ഉത്തരവ് നം.എ1-1888/2020 തീയതി 15.10.2020പ്രകാരം നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് സർക്കുലർ നം. 210/ഡി.ബി/18/ത.സ്വ.ഭ.വ പ്രകാരം പി.എച്ച്.സി, സി.എച്ച്.സി എന്നിവയുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുന്നതിലേയ്ക്കായി ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്. അതാതു തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ നടത്തി ഡോക്ടർമാരെ എടുക്കാവുന്നതല്ല.

2) മെഡിക്കൽ ഓഫീസർ പഞ്ചായത്തുമായി ഉണ്ടാക്കിയിട്ടുള്ള കരാർ ഫയലിൽ ചേർത്തിട്ടില്ല.

ഭരണസമിതി ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടതും തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ആർദ്രം പദ്ധതിയിലെ നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ആണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-16 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

### 1) ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ 2020-21 വർഷത്തിൽ കച്ചവടക്കാരുടേയും ഇതര സ്ഥാപനങ്ങൾ നടത്തുന്നവരുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/08.06.2022 നു ലഭിച്ച മറുപടിയിൽ കോവിഡ് മൂലം ഫീൽഡ് തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് രൂപീകരിക്കേണ്ടതും ചട്ടപ്രകാരം സ്ഥാപങ്ങളിൽ നിന്ന് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2) യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല**

സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ വൈദ്യുതികൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമാണസാമഗ്രിയോ ഉണ്ടെങ്കിൽ പഞ്ചായത്തിന്റെ അനുമതി വാങ്ങേണ്ടതും യന്ത്രത്തിന്റെ കുതിര ശക്തി അടിസ്ഥാനപ്പെടുത്തി നിശ്ചയിച്ചിരിക്കുന്ന തുക ഫീസായി ഈടാക്കേണ്ടതുമാണ്. ഏതാനും സ്ഥാപനങ്ങളിൽ ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | അപേക്ഷകൻ | സ്ഥാപനം | യന്ത്രത്തിന്റെ കുതിര ശക്തി |
|---|---|---|---|---|
| 1 | 1084/20 | സി.ജ്യോതി | സോ മിൽ | 50 HP |
| 2 | 1603/20 | അജിൽ കുമാർ | സോ മിൽ | 37 HP |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/08.06.2022 നു ലഭിച്ച മറുപടിയിൽ, കുറവു വന്ന ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. അപേക്ഷകരിൽ നിന്ന് ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3) റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ) 9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്കൊന്നും 2020-21 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/08.06.2022 നു ലഭിച്ച മറുപടി പ്രകാരം 2020-2021ൽ കോവിഡ് പ്രതിസന്ധി മൂലം റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും 2021 -2022 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. റേഷൻ കടകൾക്ക് ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നത്തിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4) വളർത്തു നായകൾക്ക് ലൈസൻസ് എടുത്തിട്ടില്ല**

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ 1000 നായകളുണ്ട് എന്നാൽ 12 നായകൾക്ക് ലൈസൻസ് അനുവദിച്ചതായാണ് അപേക്ഷകളിൽ നിന്ന് മനസ്സിലാകുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/08.06.2022 നു ലഭിച്ച മറുപടി പ്രകാരം ലഭ്യമായ അപേക്ഷകൾക്ക് അനുസരിച്ച് വളർത്തു നായകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും വെറ്റിനറി ഓഫീസർക്ക് കത്ത് നൽകി എല്ലാ വളർത്തുനായകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വളർത്തുനായകളുടെ എണ്ണം കണക്കിലാക്കുകയും, ലൈസൻസ് അനുവദിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈബ്രറി - പ്രവർത്തനം കാര്യക്ഷമമല്ല

പത്ത് വർഷത്തിലധികമായി സുരേന്ദ്ര നാഥ് മെമ്മോറിയൽ പഞ്ചായത്ത് ലൈബ്രറി (Reg.No.01/CHZ/2395) പ്രവർത്തിച്ചു വരുന്നു. വിവിധ രജിസ്റ്ററുകൾ പ്രകാരം നിലവിൽ 103 അംഗങ്ങളും ആകെ 740 പുസ്തകങ്ങളും മാത്രമാണ് ലൈബ്രറിയിൽ ഉള്ളത്. ലൈബ്രറി കൗൺസിലിന്റെ അംഗീകാരം നേടാൻ സാധിച്ചിട്ടില്ല. 2016 -2017 വാർഷിക പദ്ധതിയുടെ ഭാഗമായി 08.03.2017ൽ വാങ്ങിയ 112 പുസ്തകങ്ങൾക്ക് ശേഷം ലൈബ്രറിയിലേക്ക് പുസ്തകങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. 2016 -2021 കാലയളവിൽ ലൈബ്രറിയിൽ അംഗത്വം നേടിയിരിക്കുന്നത് 35 പേർ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വന്ന നിർദേശങ്ങളിൽ പഞ്ചായത്തു ലൈബ്രറി പഞ്ചായത്തിലേക്ക് മാറ്റി കുട്ടികൾക്കും പ്രായമായവർക്കും സൗകര്യപ്പെടുത്തുക, ലൈബ്രറി ഗ്രാന്റ് അനുവദിക്കുക, നവീകരണത്തിന് സാമ്പത്തിക സഹായം നൽകുക, ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് തുക നീക്കി വയ്ക്കുക എന്നിങ്ങനെയുള്ള നിർദേശങ്ങൾ വന്നിരുന്നുവെങ്കിലും ലൈബ്രറി പഞ്ചായത്തിനു സമീപത്തേക്ക് മാറ്റിയതൊഴിച്ചാൽ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ലൈബ്രറിയിൽ പൊതുജന പങ്കാളിത്തം വർധിപ്പിക്കാനും. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/10.06.2022 നു ലഭിച്ച മറുപടി പ്രകാരം ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സാംസ്കാരിക മേഖലയുടെ വളർച്ചയിൽ പ്രാധാന്യം അർഹിക്കുന്ന ലൈബ്രറിയിൽ വിദ്യാർത്ഥികൾ അടക്കമുള്ളവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ലൈബ്രറി കൗൺസിലിന്റെ അംഗീകാരം നേടുന്നതിനും, ഗ്രാന്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## 1-18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii) ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസ്സിനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥനാണ്. 2020 -21 കാലയളവിൽ പഞ്ചായത്തിൽ നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 13/09.06.2022 നു നൽകിയ മറുപടി പ്രകാരം കോവിഡ് മൂലം നിർമാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും. കരാറുകാർ പലരും പഞ്ചായത്തിന് പുറത്തുള്ളവരാണെന്നും, തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട

നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ദുരിതാശ്വാസ നിധി - ധന സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധിയുടെ വരവുചെലവു കണക്കുകൾ കൈകാര്യംചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടിണ്ടെങ്കിൽ ആയതിന്റെ ബാങ്ക് പാസ്ബുക്കും അനുബന്ധരേഖകളും, മറ്റു വിശദാംശങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/09.06.2022 നു ലഭിച്ച മറുപടി പ്രകാരം 27.05.2022 ൽ ദുരിതാശ്വാസ നിധി സമാഹരണത്തിനും വിനിയോഗത്തിനുമായി അക്കൗണ്ട് തുടങ്ങിയതായും, പാസ്ബുക്ക് പ്രകാരം 5000/- രൂപ ബാലൻസ് ഉള്ളതായും മനസ്സിലാക്കാൻ സാധിച്ചു. പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ ഉൾപ്പെട്ട പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ രൂപീകരണം വൈകിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ദുരിതാശ്വാസ നിധിയിലേക്ക് കൂടുതൽ ധനം സമാഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ച് ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഭരണ സമിതി ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-20 മഴക്കാല പൂർവ ശുചീകരണം-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ടു ചെക്ക് നമ്പർ 016068 /30.04.2020 വഴി 70000/- രൂപ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് (പി. എച്ച്. സി വെട്ടൂർ) കൈപ്പറ്റയിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട വിനിയോഗ രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/09.06.2022 നു ലഭിച്ച മറുപടി പ്രകാരം വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ ഇതിന്റെ സബ് വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട സബ് വൗച്ചറുകളും മറ്റ് വിനിയോഗ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-21 സുഭിക്ഷ കേരളം – വിവിധ പദ്ധതികൾ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മൂന്നു പ്രോജക്ടുകൾ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പിലാക്കിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO162/21 |
| പ്രോജക്ടിന്റെ പേര് | കുളങ്ങളിലെ കരിമീൻ കൃഷി |
| അടങ്കൽ | 300000 (പൊതു വിഭാഗം – 80,000/- സംസ്ഥാനആവിഷ്കൃത ഫണ്ട്-40,000/- മറ്റുള്ളവ-1,80,000/-) |
| ചെലവ് | 40,000/-(പൊതു വിഭാഗം) |
| ബിൽ നമ്പർ | 292/30.03.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

| | |
|---|---|
| പ്രോജക്ട് നമ്പർ | SO163/21 |
| പ്രോജക്ടിന്റെ പേര് | ബയോ ഫ്ലോക് മത്സ്യ കൃഷി |
| അടങ്കൽ | 2,76,000/- (പൊതു വിഭാഗം – 73,600/- സംസ്ഥാന ആവിഷ്കൃത ഫണ്ട്-36,800/- മറ്റുള്ളവ-1,65,600/-) |
| ചെലവ് | 36,794/-(പൊതു വിഭാഗം) |
| ബിൽ നമ്പർ | 291/30.03.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

| | |
|---|---|
| പ്രോജക്ട് നമ്പർ | SO164/21 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ | 4,92,000/- (പൊതു വിഭാഗം – 1,31,200/- സംസ്ഥാന ആവിഷ്കൃത ഫണ്ട് - 65,600/- മറ്റുള്ളവ-2,95,200/-) |

| | |
|---|---|
| ചെലവ് | 32,500/- (പൊതു വിഭാഗം) |
| ബിൽ നമ്പർ | 293/30.03.2021 |
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് |

പ്രോജക്ട്കൾ പ്രകാരം മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ / ഘടകങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നമ്പർ | ഘട്ടങ്ങൾ / ഘടകങ്ങൾ |
|---|---|
| 1 | അടിസ്ഥാന സൗകര്യ വികസനം - മത്സ്യ വിത്ത് നിക്ഷേപം കാലയളവ് , വിളവെടുപ്പ് കാലയളവ് |

മേൽ പരാമർശിച്ച വിവിധ ഘട്ടങ്ങൾ മോണിറ്ററിംഗിന് വിധേയമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നമ്പർ 35/14.06.2022 നൽകിയ ശേഷം മോണിറ്ററിങ് റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവഹണ സമയത്ത് തന്നെ അതാതു ഘട്ടങ്ങളിൽ മോണിറ്ററിങ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-22 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകളിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകളിലെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

| ക്രമ നം. | 1 | 2 | 3 |
|---|---|---|---|
| പ്രോജക്ട് നം. | 76/21 | 21/21 | 22/21 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് ആട് വിതരണം-ജനറൽ | വനിതകൾക്ക് ആട് വിതരണം-എസ്.സി | വനിതകൾക്ക് മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം-പട്ടികജാതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| ഫണ്ട് | വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം, മറ്റുള്ളവ | വികസന ഫണ്ട് -എസ്.സി.പി | വികസന ഫണ്ട് -എസ്.സി.പി,മറ്റുള്ളവ |
| അടങ്കൽ | 660000/- | 168000/- | 69300/- |
| ചെലവ് തുക | 648000/- (324000/-രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ) | 132000/- | 47300/- |
| ബിൽ നം. | 191/18.02.2021-153000/- 273/30.03.2021-126000/- 275/30.03.2021-45000/- ഗുണഭോക്തൃവിഹിതം-324000 | 199/19.02.2021-63000/- 228/15.03.2021-36000/- 33000-രൂപ ഗുണഭോക്തൃ വിഹിതം | 232/16.03.2021-35475/- 11825 രൂപ ഗുണഭോക്തൃവിഹിതം ഇനത്തിൽ |

1) ക്രമ നം.1-ലെ പ്രോജക്റ്റ് പ്രകാരം വ്യക്തികളിൽ നിന്നും ആടുകളെ വാങ്ങി 36 ഗുണഭോക്താക്കൾക്ക് 2 ആടിനെ വീതം കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി ഓരോ ഗുണഭോക്താവിൽ നിന്നും 9000/- രൂപ പിരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കാലി സമ്പത്ത് വർധിപ്പിക്കാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പ്രഭ, ദാസ് ഭവനം, മേൽ വെട്ടൂർ എന്നയാൾ ഗീത, അച്ചിക്കവില വീട്, മേൽ വെട്ടൂർ എന്നയാൾക്ക് ആടിനെ കൈമാറിയതിന് ബിൽ നം. 273/30.03.2021 പ്രകാരം 9000/- രൂപയും ചെക്ക് നം. 020470695480256 തീയതി 26.03.2021 പ്രകാരം 9000/- രൂപയും കൊടുത്തിട്ടുണ്ട്. എന്നാൽ വിനിത കുമാരി ആർ, നയനം, മേൽ വെട്ടൂർ എന്നയാൾ പ്രഭ, ദാസ് ഭവനം, മേൽ വെട്ടൂർ-ന് 2 ആടുകളെ കൈമാറിയതിന് ബിൽ നം. 273/30.03.2021 പ്രകാരം 9000/- രൂപയും ചെക്ക് നം. 020470695480256 തീയതി 26.03.2021 പ്രകാരം 9000/- രൂപയും കൊടുത്തിട്ടുണ്ട്. ആധാറിന്റെ പകർപ്പ് പരിശോധിച്ചതിൽ പ്രഭ എന്ന വ്യക്തി ഒരാൾ തന്നെയാണ് എന്ന് മനസ്സിലാക്കുന്നു. ഇതേ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.03/07.06.2022-നുള്ള മറുപടിയിൽ അറിവില്ലായ്മ മൂലം വന്ന തെറ്റ് മേലിൽ ആവർത്തിക്കുകയില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു.

2) ക്രമ നം.1, ക്രമ നം.2 എന്നീ പ്രോജക്റ്റുകളിൽ മൃഗ സംരക്ഷണ വകുപ്പിന്റെ നിബന്ധനകൾ എഗ്രിമെന്റ് പ്രകാരം ഗുണഭോക്താക്കൾ പാലിക്കേണ്ടതാണ്. എന്നാൽ എല്ലാ ഗുണഭോക്താക്കളുടെയും മുദ്രപത്രം നിബന്ധനകൾ ചേർക്കാതെ ഒഴിച്ചിട്ടിരിക്കയാണ്. ഗുണഭോക്താവിന്റെ ഒപ്പ് മാത്രമാണ് വാങ്ങിയിരിക്കുന്നത്. ഇതേ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.08/08.03.2022, 03/07.06.2022എന്നിവയ്ക്കുള്ള മറുപടിയിൽ അപാകത പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്.

3) ക്രമ നം.3 പ്രോജക്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽ പെട്ട 43 ഗുണഭോക്താക്കൾക്ക് 45-60 ദിവസം പ്രായമുള്ള 10 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. ബിസ്മി എഗ്ഗ് നഴ്സറി എന്ന സ്ഥാപനത്തിൽ നിന്നാണ് 430 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ 110/- രൂപ ഒരു മുട്ട കോഴിക്ക് എന്ന നിരക്കിൽ വാങ്ങിയിരിക്കുന്നത്. ബില്ലിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, ഭരണ സമിതി മേൽ സ്ഥാപനത്തെ വിതരണത്തിന് അംഗീകരിച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ചേർത്തിട്ടില്ല. ഇതേ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.08/08.06.2022 നുള്ള മറുപടിയിൽ ഗവ. അംഗീകൃത നഴ്സറിയായതിനാലാണ് നേരിട്ട് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി വിഹിതം ചെലവഴിച്ച് പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ കൂടുതൽ ജാഗ്രത ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-23 തെരുവുനായകളുടെ പ്രജനന നിയന്ത്രണം-പദ്ധതി കാര്യക്ഷമമല്ല.

| | |
|---|---|
| പ്രോജക്ട് നം. | 20/21 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| ഫണ്ട് | വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം |
| അടങ്കൽ | 88200/- |
| ചെലവ് തുക | 88200/- |
| എ.സി.ആർ ബിൽ നം. | 106/09.11.2020-88200/- |

പഞ്ചായത്ത് പരിസരത്തു നിന്നുമായി പിടിച്ച 42 നായ്ക്കളെയാണ് വന്ധ്യംകരിച്ചത്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നുള്ള 88,200/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. വന്ധ്യംകരണത്തിനുള്ള ഡോക്ടർമാരുടെ ചെലവ് സംബന്ധിച്ച രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് (ഒരു നായ്ക്ക് 400/- രൂപ വീതം ആകെ 16800/- രൂപ). 17.02.2021 ൽ പിടിച്ച് വന്ധീകരിച്ച്, വാക്സിൻ നൽകി, സംരക്ഷണം നൽകി 27.02.2021 ൽ പൂർത്തീകരിക്കുന്ന രീതിയിലാണ് പ്രോജക്റ്റ്. ഭക്ഷണം, മരുന്ന് തുടങ്ങിയ മറ്റ് ഇനങ്ങളുടെ ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതേ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.08/08.06.2022 നുള്ള മറുപടിയിൽ മേൽ പദ്ധതി കുടുംബശ്രീ ജില്ലാ മിഷനാണ് നടപ്പിലാക്കുന്നതെന്നും ആയതിനാൽ ചെലവ് രേഖകൾ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവു രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിന് നൽകേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-24 ആയുർവേദ ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| പ്രോജക്ട് നം. | 86/21 | 88/21 | 87/21 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഗവ. ആയുർവേദ ഡിസ്പെൻസറിയ്ക്ക് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ | എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ | എൻ.എച്ച്.എം സിദ്ധ ഡിസ്പെൻസറിയ്ക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | മെഡിക്കൽ ഓഫീസർ-ആയുർവേദം | മെഡിക്കൽ ഓഫീസർ-ആയുർവേദം |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട്-റോഡിതരം | മെയിന്റനൻസ് ഫണ്ട്-റോഡിതരം | മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| അടങ്കൽ | 37000/- | 30000/- | 31500/- |
| ചെലവ് തുക | 37000/- (എ.സി.ആർ ബില്ല് നം.110/11.11.2020) | 30000/- (എ.സി.ആർ ബില്ല് നം.57/21.08.2020-23857/-, 175/12.02.2021-6143/-) | 31392/- (എ.സി.ആർ ബില്ല് നം.176/12.02.2021-31392/-) |

മേൽ പ്രോജക്റ്റുകൾ പ്രകാരം സിഡ്കോയിൽ നിന്നും സ്റ്റീൽ ഫർണിച്ചറും കൂടാതെ ഹോസ്പിറ്റൽ അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ(ആർ.ടി)നം.10/2021/എസ്.പി.ഡി. തീയതി 03.03.2021 പ്രകാരം സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഫർണിച്ചറുകൾ വാങ്ങാൻ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ(ആർ.ടി)നം.26/2021/എസ്.പി.ഡി. തീയതി 28.05.2015 പ്രകാരം വില നിശ്ചയിക്കപ്പെട്ടിട്ടുള്ള ഇനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ സാധിക്കൂ. മറ്റുള്ളവയ്ക്ക് സാധാരണ പർച്ചേസ് നടപടികൾ ബാധകമാണ്. അതായത് സിഡ്കോയിൽ നിന്നും പ്രോജക്റ്റ് നം.86/21 ലെ ഇൻവോയിസ് നം.74/2020-21 തീയതി 21.10.2020 പ്രകാരം വാങ്ങിയിട്ടുള്ള എക്സ് റേ വ്യൂവർ-1, സ്റ്റെറിലൈസർ-1, സ്റ്റെയിൻലെസ്സ് സ്റ്റീൽ സിസർ-1, പൾസ് ഓക്സി മീറ്റർ-1, ക്ലാർക്ക്സ് ഹെഡ്-1, ബി.പി അപ്പാരറ്റസ്-1, ബി.പി അപ്പാരറ്റസ് ബാറ്ററി-6, ടോർച്ച്-1 എന്നിവയും പ്രോജക്റ്റ് നം.88/21 ലെ ഇൻവോയിസ് നം.75/2020-21 തീയതി 09.11.2020 പ്രകാരം വാങ്ങിയിട്ടുള്ള വെയിംഗ് മെഷീൻ-1, ബി.പി. അപ്പാരച്ചസ്-1, സ്റ്റെതസ്കോപ്പ്-1 എന്നിവക്വട്ടേഷൻ ക്ഷണിച്ച് വാങ്ങേണ്ടതാണ്. പ്രോജക്റ്റ് നം.87/21 ലെ ഇൻവോയിസ് നം.176/2020-21 തീയതി 18.03.2021 പ്രകാരം വാങ്ങിയിട്ടുള്ള വെയിംഗ് മെഷീൻ വിത്ത് ഹൈറ്റ് സ്കെയിൽ-1, എക്സ് റേ വ്യൂവർ-1, ഡിജിറ്റൽ സ്പൂൺ-1, ചാർജിംഗ് ടോർച്ച്-1 എന്നിവ വാങ്ങിയതിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.27/10.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിഡ്കോയിൽ നിന്നും പർച്ചേസ് നടത്തിയതെന്നും മേൽ ഉത്തരവ് ശ്രദ്ധയിൽ പെട്ടില്ലെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. ഭാവിയിൽ അപാകത അവർത്തിക്കുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

പർച്ചേസുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളും പാലിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 അംഗനവാടി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടണം

13.6.22ലെ സ്ഥലപരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 3 അംഗനവാടികൾ സന്ദർശിക്കുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

1.റാത്തിക്കൽ അംഗനവാടി - കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമാണ്. ജനലുകളുടെ ഗ്ലാസ്സുകളെല്ലാം പൊട്ടിയിരിക്കുന്നു. കെട്ടിടത്തിനു മുന്നിലായി സോക്പിറ്റ് നിർമ്മിച്ചിരിക്കുന്നത് തുറന്നു കിടക്കുന്നു. ചെറിയ കുട്ടികൾ പഠിക്കുന്ന അംഗനവാടിയുടെ മുന്നിലായി സോക്പിറ്റ് തുറന്നു കിടക്കുന്നത് അപകടകരമായ സാഹചര്യം സൃഷ്ടിക്കുന്നു.

2. അഴുക്കാൻവിള അംഗനവാടി - കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമായതിനാൽ നിലവിൽ അംഗനവാടി ഈ കെട്ടിടത്തിൽ പ്രവൃത്തിക്കുന്നില്ല. കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതായി ICDS സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിലേക്കു പ്രവേശിക്കുവാൻ സമീപത്തുള്ള വീടുകളുടെ വശത്തുകൂടി കുട്ടികൾക്ക് ഉപയോഗിക്കുവാൻ പ്രയാസമുള്ള ചെറിയ ഒരു നടവഴി മാത്രമാണുള്ളത്. കെട്ടിടം പുനർനിർമ്മിക്കുന്നതിനു മുമ്പായി കെട്ടിടത്തിലേക്കുള്ള വഴിസംബന്ധിച്ച് വ്യക്തത ഉറപ്പുവരുത്തേണ്ടതാണ്.

3. പറങ്കിമാംവിള അംഗനവാടി - കെട്ടിടത്തിന്റെ മുകൾഭാഗത്ത് വെള്ളം കെട്ടിക്കിടന്ന് കെട്ടിടത്തിന്റെ ഉൾഭാഗം നനഞ്ഞിരിക്കുന്നു. കെട്ടിടത്തിന്റെ മുകളിൽ കയറുവാനുള്ള സംവിധാനമില്ലാത്തത് പോരായ്മയാണ്. ചുറ്റുമതിലില്ലാത്തത് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 30 തീയതി 16.6.22 ന് മറുപടിയിൽ മേൽ വിഷയങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി ICDS സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.



റാത്തിക്കൽ അംഗനവാടിക്ക് മുന്നിലെ തുറന്നുകിടക്കുന്ന സോക് പിറ്റ്



അഴുക്കൻവിള അംഗനവാടിയിലേക്കുള്ള നടപ്പാത

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം-ജനറൽ വനിത |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ | 17/21 |
| അടങ്കൽ | 350000/- |
| ചെലവ് | 175000/- |
| ബിൽ നം/വൗച്ചർ നം | 172/10.02.2021 |

വെട്ടൂർ ഗ്രാമപഞ്ചായത്തിൽ വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2020-21 വർഷം 1,75,000/-രൂപ ചെലവാക്കിയിട്ടുണ്ട്.

2017-18വർഷം മുതൽ 2020-21 വരെ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക |
|---|---|---|
| 2017-18 | 300000/- | 300000/- |
| 2018-19 | 187500/- | 187500/- |
| 2019-20 | 175000/- | 175000/- |
| 2020-21 | 175000/- | 175000/- |

പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 04 തീയതി 07.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയതായും വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതോടൊപ്പം പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി നൽകിയ തുകകളിൽ ചെലവാക്കാതെ ബാക്കി നിൽക്കുന്ന തുകയുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 ഇ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില 36,614/- രൂപ (2019-20-34298/-, 2020-21-2316/-), ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല. ഇ ടെണ്ടർ ആവശ്യത്തിനായി വെട്ടൂർ എസ്.ബി.ഐയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതായി എ.ഇ. അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ.05/07.6.22). ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള 36,614/- രൂപ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവ്

ഓഡിറ്റ് വർഷം മാമ്പൽ ടെണ്ടർ മുഖേന നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമൻ എസ്റ്റിമേറ്റിലും ഉയർന്ന നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ടെണ്ടറുകളിൽ മൽസര സ്വഭാവം ഇല്ലാത്തതിനാൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുമായിരുന്ന ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ വരുന്നു. ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് കൂടുതൽ മത്സരാധിഷ്ഠിതമാക്കാൻ ബോധപൂർവ്വമായ ശ്രമങ്ങളും ക്രിയാത്മകമായ ഇടപെടലുകളും അനിവാര്യമാണ്.

## 1-29 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

2020-21 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 75 പ്രോജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 46 പ്രോജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 29 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയിരുന്നതിൽ 26 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 75 | ആകെ അടങ്കൽ | 21077781 |
| നടപ്പിലാക്കിയത് | 46 | ചെലവ് | 10604195 |
| ശതമാനം | 61% | ചെലവ് ശതമാനം | 50% |

മരാമത്ത് പ്രവൃത്തികളുടെ പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

**1) റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തിൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രോജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

ഗ്രാമ പഞ്ചായത്തിലെ പദ്ധതി ആസൂത്രണവും, രൂപീകരണവും, സംബന്ധിച്ച സുപ്രധാന രേഖയായ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം, തരം, കലുങ്കുകൾ, കുടിവെള്ള പദ്ധതികളുടെ എണ്ണം, തരം, എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ടുകളുടെ ആവശ്യകതയും, രൂപീകരണവും സംബന്ധിച്ച പരിശോധനകളും, വിശകലനങ്ങളൊന്നും ഇക്കാരണത്താൽ ചെയ്യാനായിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3) പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു

മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെ ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4) **പദ്ധതി രൂപീകരണത്തിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.**

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് നടന്നിട്ടുള്ളത്. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നുവെന്ന് മിനുട്സിൽ നിന്നും വ്യക്തമാകുന്നു.

**5) സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഫലപ്രദമായ ഇടപെടൽ നടക്കുന്നില്ല.**

വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുന്നതിലും പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലെന്ന് കാണുന്നു. സ്റ്റാന്റിംഗ് കമ്മറ്റികളുടെ യോഗങ്ങളിലൊന്നിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകളോ തീരുമാനങ്ങളോ കൈക്കൊണ്ടിട്ടില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിലും പദ്ധതികളുണ്ടാക്കുന്നതിലും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കൃത്യമായ മേൽനോട്ടമാവശ്യമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘാടനം, കുറ്റമറ്റ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ മേൽനോട്ടം, സ്റ്റാറ്റസ് റിപ്പോർട്ടുകൾ അംഗീകരിക്കൽ, കീഴിൽ വരുന്ന മേഖലകളിലെ പ്രോജക്ടുകൾ പരിശോധിച്ച് ഭരണ സമിതിക്ക് ശുപാർശ ചെയ്യൽ, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗങ്ങൾ ചേരുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തൽ, അംഗീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ, മോണിറ്ററിംഗ് തുടങ്ങിയ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എ.ഇ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം നമ്പർ 32/13.6.22)

## 1-30 കമ്പ്യൂട്ടർ എ എം സി പുതുക്കൽ -കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വാർഷിക അറ്റകുറ്റപണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 7/21 |
| അടങ്കൽ | 13484/- വികസനഫണ്ട് |
| ചെലവ് | 13484/- |
| ബിൽ നമ്പർ | 35/29.6.20 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 13484/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യുപിഎസുകൾ, ലാപ്ടോപുകൾ മുതലായവയെ എ എം സിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ് പദ്ധതി.

1. പ്രസ്തുത കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണയെങ്കിലും എ എം സിയിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ ജനറൽ സർവീസും പരിശോധനയും കെൽട്രോൺ നടത്തണം എന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത പരിശോധനകൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഖണ്ഡിക 2.16 പ്രകാരം പരാതി രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനകം പരാതി പരിഹരിക്കപ്പെടാത്ത സാഹചര്യം ഉണ്ടാവുകയോ കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിൽ കെൽട്രോണിൽ നിന്നും ഫൈൻ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കെൽട്രോൺ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-21തീയതി 10.06.2022.ന് മറുപടിയായി കോവിഡ് കാരണം പരിധോധനകൾ യഥാസമയം നിർവ്വഹിക്കുവാൻ സാധിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

സമയക്രമം കൃത്യമായി പാലിച്ച് വാറണ്ടി ഉള്ളവയെ ഒഴിവാക്കി എ എം സി പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഹാർഡ് വെയർ രജിസ്റ്റർ വാറണ്ടി പിരീഡ്, എ എം സി പിരീഡ് മുതലായവ കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കരാർ നിബന്ധനകൾ പ്രകാരമുള്ള പരിശോധനകൾ യഥാസമയം നിർവ്വഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 തെരുവുവിളക്കുകളുടെ അറ്റകുറ്റപണി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

| | | |
|---|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്ക് അറ്റകുറ്റപണി | തെരുവുവിളക്ക് അറ്റകുറ്റപണി (SO) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 9/21 | 151/21 |
| അടങ്കൽ | 101553/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 273700/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 40800/- | 273700/- |
| ബിൽ നം | Rs-18700/-250/20.3.21<br>22100/-271/29.3.21 | 45900/-36/8.7.20<br>69700/-39/8.7.20<br>18700/-56/19.8.20<br>37400/-103/7.11.20<br>81600/-112/11.11.20<br>18700/-56/19.8.20<br>1700/-255/24.3.21 |

തെരുവിളക്കുകളുടെ അറ്റകുറ്റപണിക്കായി 'Best And Safe' എന്ന സ്ഥാപനവുമായി അറ്റകുറ്റപണി നടത്തുന്ന ദിവസങ്ങളിൽ 1700/-രൂപ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ ഹാജരാക്കിയിട്ടില്ല. പരാതി രജിസ്റ്ററിൽ പരാതികളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. എത്ര തെരുവുവിളക്കുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട്, ഏതൊക്കെ തരം, ബൾബുകൾ മാറ്റിയിടേണ്ടവ എന്നിവ സംബന്ധിച്ച കണക്കെടുപ്പ് നടത്താതെ പോസ്റ്റ് നമ്പരുകൾ മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. എത്ര എണ്ണം റിപ്പയർ ചെയ്തു എത്ര എണ്ണം മാറ്റിയിട്ടു എന്നുള്ള വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. കേടായ സാധനങ്ങൾ തിരികെ ഏൽപ്പിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറി നം.22തീയതി. 10.06.2022ന്റെ മറുപടിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലതകളിൽ ഉൾപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ പരിപാലനം. അതിനാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തിരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. ഇലക്ട്രീഷ്യൻമാർക്ക് സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് കെ.എസ്.ഇ.ബി അംഗീകരിച്ച യോഗ്യതകൾ ഉണ്ടോ എന്ന് കൃത്യമായി വിലയിരുത്തുകയും ഇലക്ട്രീഷ്യൻമാരുമായി കൃത്യമായി കരാറിൽ ഏർപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഡിപ്പോസിറ്റ് പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടാതെ തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | മേലേകാട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 77/21 |
| അടങ്കൽ | 100000/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 91945 |
| ബിൽ നം | 185/13.2.21 |

സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേലേകാട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്ക് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടാതെ തുക നൽകിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നമ്പർ 23 തീയതി 10.06.2022ന്റെ മറുപടിയിൽ വരും വർഷങ്ങളിൽ കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ – വാറണ്ടി/ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 116/21 |
| അടങ്കൽ | 3,00,000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 2,99,323/- |
| ബിൽ നം | 268/27.3.21 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനുള്ള സാധനങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ഏർപ്പെട്ടിരിക്കുന്ന കരാറിൽ (26.3.21) ഉപകരണങ്ങളുടെ വാറണ്ടി/ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല. കേടായ ഉപകരണങ്ങൾക്ക് പകരം പുതിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നം - 24തീയതി. 10.06.2022ന്റെ മറുപടിയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാറണ്ടി പിരീഡ് വിവരം ലഭ്യമാക്കിയതായി അറിയിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ വാങ്ങുമ്പോൾ ഏജൻസികളുമായി കൃത്യമായി കരാറിൽ ഏർപ്പെടുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-34 ഭൂജലവകുപ്പിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മുനിക്കുന്ന് കുടിവെള്ള പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 58/21 |
| അടങ്കൽ | 1,85,000/- വികസനഫണ്ട് |
| ചെലവ് | 1,85,000/- |
| ബിൽ നം | 12/11.4.20 |

1. സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മുനിക്കുന്ന് കുടിവെള്ള പദ്ധതിക്ക് തുക നൽകുന്നതിനു മുമ്പ് ഭൂജലവകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. ഭൂജലവകുപ്പിൽ നിന്നും 70575/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ബാക്കിനിൽക്കുന്ന 114425/- രൂപയ്ക്ക് ഒരു പുതിയ കുഴൽകിണർ കുഴിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. (8.11.21ലെ 11(1)). എന്നാൽ ഭൂജലവകുപ്പിൽ നിന്നും നാളിതുവരെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 25 തീയതി 10.06.22ന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൂജലവകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇല്ല

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | **1296138** (മുൻബാക്കി) **3379480** (വരവ്) | ലൈഫ് ഭവന നിർമ്മാണം (മൂന്നാംഘട്ടം) | 2550000 | **46138*** |
| | | | ന്യൂ ലൈഫ് കോളനി ഭവനപുനരുദ്ധാരണം | 160000 | |
| | | | ന്യൂ ലൈഫ് മുനികുന്ന് കോളനി | 420000 | |

| | | | | | |
|---|---|---|---|---|---|
| | | | ഭവനപുനരുദ്ധാരണം(സ്പിൽ ഓവർ) | | |
| | | | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 74532 | |
| | | | സ്നേഹസ്പർശം | 93000 | |
| | | | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി(സ്പിൽ ഓവർ) | 81948 | |
| | | | **ആകെ** | **3379480** | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | **1214000** (മുൻബാക്കി) **2769031** (വരവ്) | തരിശ് നിലത്തിൽകൃഷി | 72496 | **1214000** |
| | | | ന്യൂ ലൈഫ് കോളനി ഭവനപുനരുദ്ധാരണം | 280000 | |
| | | | ലൈഫ് ഭവന നിർമ്മാണം (മൂന്നാംഘട്ടം) | 1660900 | |
| | | | സ്നേഹസ്പർശം | 220875 | |
| | | | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 100000 | |
| | | | ജൈവ സമൃദ്ധി പച്ചക്കറികൃഷി | 3060 | |
| | | | പാലിയേറ്റീവ് പരിചരണം | 125000 | |
| | | | ന്യൂ ലൈഫ് മുനികുന്ന് കോളനി ഭവനപുനരുദ്ധാരണം(സ്പിൽ ഓവർ) | **210000** | |
| | | | അംഗനവാടി പോഷകാഹാര വിതരണം | 50000 | |
| | | | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 46700 | |
| | | | ആകെ | **2769031** | |

*ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി അനുവദിച്ച 12,50,000/- രൂപ പദ്ധതി നടപ്പിലാക്കാത്തതിനാൽ ജില്ലാപഞ്ചായത്തിൽ വൗച്ചർ നം 22000309 തീയതി 7.9.20 പ്രകാരം തിരിച്ചടച്ചു. അതിനാൽ ബാലൻസ് 46138/-.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | 2020-21ൽ മുൻകൂർ നൽകിയ തുക | പ്രവൃത്തിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | 0 | 185000 | മുനികുന്ന് കുടിവെള്ള പദ്ധതി | 0 | 185000 |
| കേരള വാട്ടർ അതോറിറ്റി | 57350 | 91945 | മേലെ കാട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 0 | 91945 |
| | | 30200 | എരുക്കുവിള വാട്ടർലൈൻ എക്സ്റ്റൻഷൻ | 0 | 30200 |
| | | 30000 | ചരുവിള വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 0 | 30000* |
| ആകെ | 57350 | 152145 | ആകെ | 0 | 209495* |

*ചരുവിള വാട്ടർലൈൻ എക്സ്റ്റെൻഷന് തനത് ഫണ്ടിൽ നിന്ന് 15,400/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടുമില്ല. എന്നാൽ പ്രസ്തുത ചെലവ് 2020-21 AFSലെ RP-47, B-18 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കുവാർ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം ചുവട ചേർക്കുന്നു.

| വായ്പയുടെ | ഉത്തരവ് നമ്പർ/ | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തീയതി | തുക | തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി ലോൺ(1) | സ.ഉ(സാധാ) നം.275/2010 തീയതി 27.01.2010 | 10162500 | 1673482(മുതൽ) 2411801(പലിശ) | 804376 | 0 | 869106 (മുതൽ) 2558504 (പലിശ) |
| EMS ഭവനപദ്ധതി ലോൺ(2) | സ.ഉ(എം.എസ്) നം.90/2010 തീയതി 14.03.2013 | 2000000 | 0 (മുതൽ) 317097 (പലിശ) | 0 | 313859 | 0 (മുതൽ) 3238 (പലിശ) |
| ലൈഫ് | | 10678574 | 7644672 (3033902 തൻവർഷവായ്പ) | 1274314 | 0 | 9404260 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമ നം | നമ്പർ | സ്ഥിരനിക്ഷേപം നടത്തിയ തുക/തീയതി | ബാങ്ക് | മെച്യൂരിറ്റി തീയതി |
|---|---|---|---|---|
| 1 | 10293 | 10000/- 11.7.2012 | വെട്ടൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | 11.7.2022 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-1-1 | 2008-09 | 3-5-1എ | SGRY കൺവീനറെ തെരഞ്ഞെടുത്തതിലെ ക്രമക്കേട് | ബഹു.കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |
| 2005-06 | 3-11 3-12 | 2008-09 | 3-5-1എ | SGRY ക്രമക്കേട് സംബന്ധിച്ച് | ബഹു.കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8232541.72 |
| ഓഡിറ്റ് വർഷത്തെ വരവ് | 58723029.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58943906.00 |
| നീക്കിയിരിപ്പ് | 8011664.72 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 4 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 4 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 3 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 2 |
| 2009-10 & 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 8 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/809/2018 തീയതി 06.06.2018 | 9 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2035/2016 തീയതി 29.11.2016 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1325/2017 തീയതി 26.04.2019 | 26 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/444/2019 തീയതി 26.04.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/196/2020 തീയതി 08.05.2020 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/640/2021 തീയതി 3.12.21 | 70 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്